**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3638** **12-03-2025 - ൽ മറുപടിയ്ക്ക്**

**വയോജന ക്ഷേമം ഉറപ്പാക്കാനുള്ള പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി സ്റ്റീഫൻ | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | വയോജന ക്ഷേമം ഉറപ്പാക്കാൻ സർക്കാർ പുതുതായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാമെന്ന് അറിയിക്കുമോ; | (എ) | വയോജനക്ഷേമം മുൻനിർത്തി നിലവിൽ സാമൂഹ്യനീതി വകുപ്പ് വഴി നടപ്പിലാക്കി വരുന്ന പദ്ധതികൾക്ക് പുറമെ ചുവടെചേർക്കുന്ന പുതിയ പദ്ധതികളും ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>• **റിട്ടയർമെൻറ് ഹോമുകൾ-** ആയുർദൈർഘ്യത്തിന്റെ കാര്യത്തിൽ മുന്നിട്ട് നില്ക്കുന്ന കേരളത്തിൽ മുതിർന്നപൗരന്മാരുടെ എണ്ണം ആനുപാതികമായി വർദ്ധിച്ചു വരികയാണ്. ഒരു പ്രായത്തിന് ശേഷം, അവരെ പരിചരിക്കേണ്ട ഉറ്റവർ, ജോലി സംബന്ധമായും മറ്റു കാരണങ്ങളാലും തനിച്ചാക്കപ്പെടുന്ന വയോജനങ്ങളുടെ എണ്ണം അനുദിനം വർദ്ധിച്ചുവരുന്നുണ്ട്. മുതിർന്നപൗരന്മാർക്ക് നേരിടേണ്ടി വരുന്ന ഇത്തരം ബുദ്ധിമുട്ടുകൾക്ക് ബദലായി സാമൂഹ്യനീതി വകുപ്പ് നടപ്പിലാക്കാനുദ്ദേശിക്കുന്ന ഒരു പദ്ധതിയാണ് **"റിട്ടയർമെന്റ് ഹോമുകൾ** ". സർക്കാർ നിയന്ത്രണങ്ങളോടുകൂടിയും മേൽനോട്ട സംവിധാനങ്ങളോടുകൂടിയും പണമടച്ചുള്ള വ്യവസ്ഥകളിന്മേൽ വയോസൗഹാർദ്ദമായി പ്രവർത്തിക്കുന്ന ക്ഷേമസ്ഥാപനങ്ങൾ ലഭ്യമാക്കുക എന്നതാണ് ഈ പദ്ധതി കൊണ്ടുദ്ദേശിക്കുന്നത്. നടപ്പു വർഷം പദ്ധതി ആരംഭിക്കുന്നതിനുള്ള പ്രൊവിഷൻ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.<br><br>**വയോജന സേവനങ്ങൾ ഒരു കുടക്കീഴിൽ കൊണ്ടു വരുന്നതിനായുള്ള വെബ്പോർട്ടൽ ആവിഷ്കരിക്കുന്ന പദ്ധതി** — വയോജനക്ഷേമ സ്ഥാപനങ്ങളിലെ കെയർഗീവർമാർക്കായി ഓൺലൈൻ ട്രെയിനിംഗ് , സംസ്ഥാനത്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ |

സഹകരണത്തോടെ നടത്തിവരുന്ന സായംപ്രഭ ഭവനങ്ങളുടെ പ്രവർത്തനങ്ങൾ ഓൺലൈൻ ആയി മോണിറ്ററിംഗ് ചെയ്യുക, വയോജന മേഖലയിൽ നടത്തുന്ന വിവിധങ്ങളായ പ്രവർത്തനങ്ങൾ സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തുക, വയോജനങ്ങൾക്ക് വകുപ്പ് വഴി നല്കുന്ന സേവനങ്ങൾ പൂർണ്ണമായും ഓൺലൈൻ സംവിധാനത്തിലൂടെ ലഭ്യമാക്കുക, MWPSC ആക്ടുമായി ബന്ധപ്പെട്ട് വയോജനങ്ങളിൽ നിന്നും ലഭിക്കുന്ന പരാതികൾ, ആക്ടുമായി ബന്ധപ്പെട്ട കേസുകളുടെ മോണിറ്ററിംഗ് തുടങ്ങി ഭാവിയിൽ വയോജനമേഖലയുമായി ബന്ധപ്പെട്ട് വകുപ്പ് വിഭാവനം ചെയ്ത് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ എന്നിങ്ങനെ എല്ലാ വിഷയങ്ങളും ഉൾപ്പെടുത്താവുന്ന തരത്തിൽ ഫ്ളെക്സിബിൾ ആയ ഒരു വെബ് പോർട്ടൽ ആരംഭിക്കുന്നതിനായാണ് ഈ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് തീരുമാനിച്ചിരിക്കുന്നത്. ഇതിനായി ഐകെഎമ്മുമായി ധാരണാപത്രം ഒപ്പു വെച്ച് തുടർ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

**സംസ്ഥാന വയോജന കമ്മീഷൻ -** വയോജനങ്ങളുടെ ക്ഷേമത്തിനായി മാർഗ്ഗനിർദ്ദേശങ്ങളും സഹായങ്ങളും നൽകുന്നതിനും, വയോജനങ്ങളുടെ കഴിവുകൾ പൊതു സമൂഹത്തിലേക്ക് ഉപയുക്തമാക്കുന്നതിലേക്കാവശ്യമായ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുന്നതിലേക്കും, വയോജന സംരക്ഷണത്തിനുള്ള നിയമങ്ങളിലോ, ഉത്തരവുകളിലോ ഉള്ള വ്യവസ്ഥകൾ നടപ്പിലാക്കുന്നതു സംബന്ധിച്ച പരിശോധന നടത്തുന്നതിനും, ആയതിനായി സർക്കാരിന്റെ വിവിധ വകുപ്പുകളെ ഏകോപിപ്പിക്കുന്നതിനുമായി ഒരു വയോജന കമ്മീഷൻ രൂപീകരിക്കുന്നതിനുള്ള നിയമനിർമ്മാണം നടത്തുന്നതിലേക്കായി നടപടികൾ പുരോഗമിച്ചു വരുന്നു.

**ട്രാക്കിംഗ് സോഫ്റ്റ് വെയർ-MWPSC Act-2007** പ്രകാരം മാതാപിതാക്കൾക്കും, മുതിർന്നപൗരന്മാർക്കും റവന്യൂ ഡിവിഷണൽ ഓഫീസുകളിൽ പരാതികൾ സമർപ്പിക്കുന്നതിനുള്ള ബുദ്ധിമുട്ട് കുറയ്ക്കുക, നടപടിക്രമങ്ങളിൽ ഉണ്ടാകുന്ന കാലതാമസം ഒഴിവാക്കുക, Maintenance, Protection മുതലായ ഉത്തരവുകൾ എതിർ കക്ഷികൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തുക, ആക്ട് നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട എല്ലാ സർക്കാർ സംവിധാനങ്ങളേയും ഒരു കുടക്കീഴിൽ കൊണ്ടുവരിക എന്നീ വിവിധ ഉദ്ദേശ്യങ്ങളോടുകൂടി MWPSC ട്രാക്കിംഗ് സോഫ്റ്റ് വെയർ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

| | | | |
|---|---|---|---|
| | | | ടി പ്ലാറ്റ്ഫോം വഴി ഏതൊരു വ്യക്തിക്കും ലോകത്തിന്റെ ഏതു കോണിലിരുന്നും ഏതു സമയത്തും ഓൺലൈൻ ആയി അപേക്ഷ സമർപ്പിക്കാനും, സമർപ്പിച്ച അപേക്ഷയുടെ സ്ഥിതി അറിയുന്നതിനും, നടപടിക്രമങ്ങൾ കൃത്യ സമയത്ത് മനസ്സിലാക്കുന്നതിനും, ഉത്തരവുകൾ ഡൗൺലോഡ് ചെയ്ത സൂക്ഷിക്കുവാനും, ഓൺലൈൻ ആയി തന്നെ അപ്പീൽ സമർപ്പിക്കുന്നതിനും സാധ്യമാകുന്നതാണ്. |
| (ബി) | വൃദ്ധസദനങ്ങൾ നിരീക്ഷിക്കുന്നതിനും കൃത്യമായ ഇടവേളകളിൽ പരിശോധന നടത്തുന്നതിനും ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ ഏന്തെല്ലാമെന്ന് വിശദമാക്കാമോ? | (ബി) | വകുപ്പിനുകീഴിലുള്ള സർക്കാർ വൃദ്ധസദനങ്ങളിൽ ജില്ലാ സാമൂഹ്യനീതി ഓഫീസർമാർ കൃത്യമായ ഇടവേളകളിൽ പരിശോധന നടത്തി വരുന്നു. ഓർഫനേജ് കൺട്രോൾ ബോർഡ് മുഖേന സർക്കാർ ഗ്രാന്റ് ലഭിക്കുന്ന എൻ ജി ഒ നടത്തുന്ന വൃദ്ധസദനങ്ങളിൽ ജില്ലാ സാമൂഹ്യ നീതി ഓഫീസർമാർ കൃത്യമായ സന്ദർശനം നടത്തി താമസക്കാർക്ക് സേവനങ്ങൾ ലഭ്യമാകുന്നുണ്ടോ എന്ന് പരിശോധിക്കുന്നുണ്ട്. എൻ ജി ഒ നടത്തുന്ന എല്ലാ വൃദ്ധസദനങ്ങളും കൃത്യമായി പരിശോധന നടത്തുന്നതിനാവശ്യമായ ജീവനക്കാരുടെ അഭാവം വകുപ്പിൽ നിലനിൽക്കുന്നുണ്ട്. എന്നാൽ ജില്ലകളിൽ പ്രവർത്തിക്കുന്ന സർക്കാർ ഗ്രാൻറ് ലഭ്യമാകാത്ത മറ്റ് എൻ ജി ഒ വൃദ്ധസദനങ്ങളിലും കൃത്യമായ ഇടവേളകളിൽ സന്ദർശനം നടത്തുന്നതിന് ജില്ലാ ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>ഓർഫനേജ് കൺട്രോൾ ബോർഡിന്റെ നേതൃത്വത്തിൽ , ബോർഡ് അംഗങ്ങളുടെ പരിശോധന , ബോർഡ് തീരുമാനിക്കുന്ന പ്രകാരമുള്ള സംയുക്ത പരിശോധന എന്നിവയും നടത്തി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ